കേരള സർക്കാർ

സംഗ്രഹം

തദ്ദേശ സ്വയം ഭരണ വകുപ്പ് - നാദാപുരം ഗ്രാമപഞ്ചായത്ത്- ഡിജിറ്റൽ പഞ്ചായത്ത്- സമഗ്ര രേഖ തയ്യാറാക്കൽ - എന്ന പ്രോജക്റ്റ് നടപ്പാക്കുന്നതിന് അനുമതി നൽകി ഉത്തരവ് പുറപ്പെടുവിക്കുന്നു

---

തദ്ദേശ സ്വയം ഭരണ (ഡി എ) വകുപ്പ്

സ.ഉ(സാധാ)നം.2520/2018/തസ്വഭവ തിരുവനന്തപുരം, തീയതി, 27.09.2018.

---

പരാമർശം : 1) നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ 30.07.2018-ലെ A1-150/18-ാം നമ്പർ കത്ത്

2) കോഴിക്കോട് ജില്ലാ കളക്ടറുടെ 02.08.2018-ലെ 58704/2018-/DPC/KKD/CC നമ്പർ കത്ത്

3) സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റിയുടെ 05.09.2018 ലെ 4.5 നമ്പർ യോഗതീരുമാനം

ഉത്തരവ്

നാദാപുരം ഗ്രാമപഞ്ചായത്ത് 2018-19 വാർഷിക പദ്ധതിയിൽ ഡിജിറ്റൽ പഞ്ചായത്ത്- സമഗ്ര രേഖ തയ്യാറാക്കൽ - എന്ന പ്രോജക്റ്റ് ഉൾപ്പെടുത്തിയിട്ടുണ്ടെന്നും (അടങ്കൽ 5.00 ലക്ഷം രൂപ (തനത് ഫണ്ട്)) പഞ്ചായത്തിന്റെ വിവിധ ആസ്തികളുടേയും ഭൂപ്രകൃതിയുടേയും പഠനവും മാപ്പിംഗും ആണ് പ്രധാന പ്രവർത്തനമെന്നും നിർവഹണ ഏജൻസിയെ ടെണ്ടർ മുഖേന കണ്ടെത്തുന്നുവെന്നും ഇതിന് അനുമതി നൽകണമെന്നും പരാമർശം(1) പ്രകാരം നാദാപുരം ഗ്രാമപഞ്ചായത്ത് സെക്രട്ടറി അഭ്യർത്ഥിക്കുകയുണ്ടായി.

2) ഇക്കാര്യം സംസ്ഥാനതല കോർഡിനേഷൻ കമ്മിറ്റി പരിശോധിച്ച 'ഡിജിറ്റൽ പഞ്ചായത്ത്- സമഗ്ര രേഖ തയ്യാറാക്കൽ" എന്ന പ്രോജക്റ്റിന് അനുമതി നൽകാമെന്ന് ഐ.റ്റി. ഡയറക്ടർ കൂടിയായ IKM എക്സിക്യൂട്ടീവ് ഡയറക്ടർ യോഗത്തിൽ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത കമ്മിറ്റി എടുത്ത് പരാമർശം (3) ലെ തീരുമാന പ്രകാരം 'ഡിജിറ്റൽ പഞ്ചായത്ത്- സമഗ്ര രേഖ തയ്യാറാക്കൽ" എന്ന പ്രോജക്റ്റ് നടപ്പാക്കുന്നതിന് നാദാപുരം ഗ്രാമപഞ്ചായത്തിന് അനുമതി നൽകി ഉത്തരവാകുന്നു.

ഗവർണ്ണറുടെ ഉത്തരവിൻ പ്രകാരം

പാറ്റ്സി സ്റ്റീഫൻ

ജോയിന്റ് സെക്രട്ടറി

പഞ്ചായത്ത് ഡയറക്ടർ, തിരുവനന്തപുരം.
ജില്ലാ കളക്ടർ, കോഴിക്കോട്
പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, കോഴിക്കോട്
പ്രസിഡണ്ട്/സെക്രട്ടറി, നാദാപുരം ഗ്രാമ പഞ്ചായത്ത്, കോഴിക്കോട്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്), തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ&ഇ), തിരുവനന്തപുരം.
ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം.
ചെയർമാൻ,സംസ്ഥാന റിസോഴ്സ് ഗ്രൂപ്പ്,തിരുവനന്തപുരം
എക്സിക്യൂട്ടീവ് ഡയറക്ടർ, ഐ.കെ.എം,തിരുവനന്തപുരം.
കരുതൽ ഫയൽ / ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ